# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 25** **February 2011** **No.11**

# എഡിറ്റോറിയൽ

മനുഷ്യവർഗ്ഗത്തിന്റെ ആരംഭം മുതൽ കണ്ടു വരുന്ന പ്രതിഭാസമാണ് സത്യത്തെ എതിർക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുക എന്നത്. ഈ ലോകത്തിൽ നാം എവിടെ ചെന്നാലും അവിടെയെല്ലാം ഇതു കാണാം. മനുഷ്യരെല്ലാവരും ദൈവത്തിന്റെ സന്താനങ്ങളാണ്. മനുഷ്യനെ ദൈവം മണ്ണുകൊണ്ടുണ്ടാക്കി ദൈവത്തിന്റെ ശ്വാസം നമ്മിൽ ഊതി. അങ്ങനെ നമ്മൾ ദൈവ ശ്വാസമുള്ളവരായി. പക്ഷെ അങ്ങനെയുള്ള മനുഷ്യൻ ദൈവത്തെ അവിശ്വസിച്ചപ്പോൾ മുതൽ സത്യത്തെ അനീതി കൊണ്ട് തടുക്കുന്നു. ദൈവത്താൽ ശപിക്കപ്പെട്ട പിശാച് ദൈവത്തിനെ തിരായി എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്യുമെന്നു മാനവ ചരിത്രം വെളിപ്പെടുത്തുന്നുണ്ട്. ദൈവവും മനുഷ്യനുമായുള്ള ബന്ധം ശരിയാ യിരിക്കുമ്പോൾ അതു ദൈവത്തിന്റെ ശത്രുവിനു സഹിക്കുകയില്ല. ദൈവ ത്തോട് മത്സരിച്ചതിന്റെ ഫലമായിട്ടാണ്. പിശാചിന് ശാപം ഏറ്റുവാ ങ്ങേണ്ടി വന്നത്. ദൈവം അദൃശ്യനായിരിക്കുന്നത് പോലെ പിശാചും അദൃശ്യനാണ്. അവന്റെ പ്രവൃത്തികളും അദൃശ്യമാണ്. ജഡത്തിന്റേയും ലോകത്തിന്റേയും ആകർഷണീയത കൊണ്ടാണ് പിശാച് മനുഷ്യരെ വശത്താക്കുന്നത്. അതായത് ശരീരത്തിന്റെ ഇഛക്കുവേണ്ടി ആളുകൾ ആകാത്തതു ചെയ്യുന്നു. ലോകത്തിന്റെ മോഹം നിമിത്തം നിയമ രഹിത മായി പ്രവർത്തിക്കുന്നു.

നിങ്ങൾക്കും എനിക്കും ഈ ഭൂമിയിലെ ജീവിതം തന്ന ദൈവത്തിന് നമ്മെക്കുറിച്ച് ഒരു ഉദ്ദേശമുണ്ട്. ആ ഉദ്ദേശം പലരും മനസിലാക്കുന്നില്ല. ഭൂരിഭാഗം ആളുകളും അതുകൊണ്ട് വിവിധോദ്ദേശങ്ങൾക്കു വേണ്ടി ജീവിക്കുന്നവരായി മാറിയിരിക്കുന്നു. അന്യോന്യം ഒരു ബന്ധം ഉണ്ടാ

കേണ്ട നിലയിലാണ് നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. പുരുഷൻ ഏകനായിരിക്കുന്നത് നന്നല്ലാത്തത് കൊണ്ട് ദൈവം തക്കതായ ഒരു തുണയെ നൽകി. സന്താന പുഷ്ടി ഉള്ളവരാകേണ്ടതിന് ദൈവം നമുക്ക് കുടുംബബന്ധം തന്ന് അനുഗ്രഹിച്ചിരിക്കുന്നു. നമ്മുടെ ജീവിതത്തിനു അത്യന്താപേക്ഷിതമായതെല്ലാം തന്നിരിക്കുന്നതു മറ്റാരുമല്ല. നാം എത്രകാലം ഇവിടെ ജീവിക്കണമെന്നതും ദൈവം നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ അറിവിലും നിയന്ത്രണത്തിലും പെടാത്ത കാര്യങ്ങൾ പലതുണ്ട്. അവ അറിയുവാൻ ശ്രമിക്കുന്നതിനേക്കാൾ അറിയുവാനായി ദൈവം വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ നാം ഗ്രഹിക്കണം. നാം അന്ധമായി ജീവിക്കുവാനല്ല ദൈവം ആഗ്രഹിക്കുന്നത്. സത്യം അറിയുവാനും സത്യപ്രകാരം ജീവിക്കുവാനുമാണ്. പക്ഷെ ആളുകൾ സത്യത്തെ അറിയുന്നതിനേക്കാൾ അന്ധവിശ്വാസത്തിലേക്ക് തിരിയുവാൻ ഇഷ്ടപ്പെടുന്നു. അന്ധവിശ്വാസം ആളുകളെ അബദ്ധത്തിലാഴ്ത്തുന്നു. അജ്ഞതയോ അന്ധവിശ്വാസമോ അല്ല ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത്. വിവേക ബുദ്ധിയുപയോഗിച്ച് നാം കാര്യങ്ങളെ വിലയിരുത്തണം.

ദൈവീക പരിജ്ഞാനമാണ് സർവ്വ മനുഷ്യർക്കും ആവശ്യം. പരിജ്ഞാനമില്ലാതെ ജനങ്ങൾ നശിച്ചു പോകുന്നു. അക്രമവും അനീതിയും പെരുകിവരുവാനുള്ള കാരണം ആളുകൾ ലൗകീകമായി ചിന്തിക്കുന്നത് കൊണ്ടാണ്. എല്ലാവരും എല്ലാവരോടും സമാധാനമാചരിപ്പാനാണ് ദൈവം കല്പിച്ചിരിക്കുന്നത്. ധാർമ്മിക മൂല്യം സമൂഹത്തിൽ കുറഞ്ഞു വരികയും പാപം പെരുകിവരികയും ചെയ്യുന്നതിന്റെ കാരണം അതാണ്. പണമുണ്ടാക്കലോ സമ്പത്തുണ്ടാക്കലോ അല്ല ഓരോരുത്തന്റേയും ജീവിത ലക്ഷ്യം. ലൗകീക വിദ്യാഭ്യാസം അനിവാര്യമാണ്. പക്ഷെ അതുകൊണ്ട് മാത്രം നമ്മുടെ ജീവിതം ശരിയാകയില്ല. നീതിപൂർവ്വമായ ജീവിതത്തിനു അടിസ്ഥാനപരമായ ആത്മീയ ജ്ഞാനം ആവശ്യമാണ്. തെറ്റിദ്ധരിക്കപ്പെട്ട സമൂഹത്തിലാണ് നാം ഓരോരുത്തരും ജീവിക്കുന്നത്. അത് എല്ലാവരും തിരിച്ചറിയണം. നന്മയും തിന്മയും ഇടകലർന്നു കിടക്കുന്നതിൽനിന്നും തിന്മയെ ത്യജിക്കുവാനും നന്മയെ തിരഞ്ഞെടുക്കുവാനും നാം ശീലിക്കണം. അതിനാണ് ദൈവം തിരുവെഴുത്തുകൾ തന്നിരിക്കുന്നത്. അതു നാം വായിച്ചു ഗ്രഹിക്കയും അനുസരിക്കയും വേണം. കലർപ്പില്ലാത്ത വചനമാണ് നമുക്കാവശ്യം. മായം കലർന്ന ആഹാരങ്ങളാണ് നമുക്കിന്ന് ലഭിക്കുന്നതിലധികവും. അതുപോലെ ആളുകൾ ദൈവ വചനത്തിലും മായം കലർത്തിയിരിക്കുകയാണ്.

✶

# പാപം അനന്തരാവകാശമായി നമ്മിൽ വരുന്നുവോ?

## *J.C* ചോട്ട്

ഈ കാലയളവിലും പാപത്തോടു കൂടിയാണ് ശിശുക്കൾ ജനിക്കുന്നത് എന്ന വിശ്വാസക്കാർ ധാരാളം ഉണ്ട്. "ജന്മപാപം" എന്ന പേരിൽ ആണ് ഈ വിശ്വാസത്തെ അറിയപ്പെടുന്നത്. ആദാമിന്റേയും ഹവ്വയുടേയും പാപദോഷത്തോടുകൂടിയാണ് എല്ലാ കുട്ടികളും ജനിക്കുന്നതു എന്നാണ് അവരുടെ വിശ്വാസം. ആഗോള വഷളത്വം എന്ന പേരിൽ ഈ ഉപദേശത്തെ അറിയുന്നുണ്ട്. ഈ ഉപദേശത്തിന്റെ ഫലമായിട്ടാണ് കുട്ടികളെ പാപത്തിൽ നിന്നു രക്ഷിപ്പാൻ ഒരു പദ്ധതിയും ഒരുക്കി. ഇതു ബൈബിളിനു അന്യമായ ഒരു പദ്ധതിയാണ്. പ്രതിഷ്ഠോൽസവം ജ്ഞാനസ്നാന കർമ്മം, ആദ്യകുർബ്ബാന എന്നിങ്ങനെ പല ആഘോഷങ്ങൾ അതിനെ തുടർന്നു നടത്തുന്നുണ്ട്. വെള്ളം കോരി ഒഴിച്ചോ, തളിച്ചോ, അല്ലെങ്കിൽ കുട്ടികളെ മുക്കിയോ ജ്ഞാനസ്നാനം കൊടുക്കുന്ന സമ്പ്രദായം അവരെ ക്രിസ്ത്യാനിയാക്കുന്നതിനാണ്. പക്ഷെ വേദപുസ്തകത്തിൽ എങ്ങും ഇങ്ങനെ ആരെയും ക്രിസ്ത്യാനിയാക്കിയിട്ടില്ല. അങ്ങനെ ക്രിസ്ത്യാനിയാക്കുവാൻ കല്പിച്ചിട്ടുമില്ല.

ഉല്പത്തി പുസ്തകത്തിലേക്കു തിരിഞ്ഞു ആരംഭത്തിൽ കുറ്റം വന്നു ചേർന്നതിനെ നമുക്കു നോക്കാം. ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരും പാപം ഇല്ലാത്തവരുമായിരുന്നു ഒരിക്കൽ ആദാമും ഹവ്വയും. അവരെ ഏദെൻ തോട്ടത്തിൽ ആക്കി. അവിടെ അവർക്ക് ആവശ്യമുള്ളതെല്ലാം ദൈവം കൊടുത്തിരുന്നു. ജീവ വൃക്ഷത്തിന്റെ ഫലവും ആ തോട്ടത്തിൽ ഉണ്ടായിരുന്നു. തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം ഒഴിച്ചു മറ്റെല്ലാ ഫലങ്ങളും അവർക്കു ഭക്ഷിക്കാമായിരുന്നു. ഈ വൃക്ഷഫലം തിന്നുന്ന നാളിൽ അവർ മരിക്കുമെന്നും ദൈവം അരുളിച്ചെയ്തിരുന്നു. എന്നാൽ പിശാച് സർപ്പത്തിന്റെ രൂപത്തിൽ വന്നു ഹവ്വയോടു ആ വൃക്ഷഫലം തിന്നാൽ ദൈവത്തെപോലെ ആകും; മരിക്കയില്ല എന്നു കള്ളം പറഞ്ഞു വിശ്വസിപ്പിച്ചു. അവർ

അങ്ങനെ ദൈവത്തോടു അനുസരണക്കേടു കാണിച്ചു. ഉടനെ അവരുടെ കണ്ണു തുറന്നു. നന്മ തിന്മകളെക്കുറിച്ചുള്ള അറിവു അവരിൽ വന്നു. പാപവും കുറ്റബോധവും അവരിൽ വന്നു. അവർ ദൈവത്തിൽ നിന്നു ഓടി ഒളിക്കാൻ ശ്രമിച്ചു അവർ നഗ്നരെന്നു മനസിലാക്കി, അവർ ലജ്ജിതരായി ഇലകൾ കൊണ്ടു നാണം മറച്ചു.

ആദാമിന്റേയും ഹവ്വയുടേയും അനുസരണക്കേടിന്റെ ഫലമായി ദൈവം മനുഷ്യരെ ശിക്ഷിച്ചു. ശരിയും തെറ്റും, നന്മയും തിന്മയും തിരിച്ചറിയാവുന്ന മനസാക്ഷിയുള്ളവരാണ് ഇപ്പോൾ മനുഷ്യർ. തിരഞ്ഞെടുക്കാവുന്ന അനുസരണവും അനുസരണക്കേടും ധാരാളമുണ്ടായി. അതു നിമിത്തം അവർ ചെയ്യുന്ന പാപങ്ങളുടെ അനന്തരഫലങ്ങളും അധികരിച്ചു. അതുവരെ പ്രസവിക്കാതിരുന്ന ഹവ്വ പിന്നീട് വേദനയോടെ മക്കളെ പ്രസവിക്കുവാൻ തുടങ്ങി. അതുവരെ കഠിനാദ്ധ്വാനം ചെയ്തിട്ടില്ലാതിരുന്ന ആദാം ഇപ്പോൾ നെറ്റിയിലെ വിയർപ്പ് ഒഴുക്കി തനിക്കും കുടുംബത്തിനും ആഹാരത്തിനു വക ഉണ്ടാക്കേണ്ടി വന്നു. ജീവ വൃക്ഷം നിൽക്കുന്ന തോട്ടത്തിൽ നിന്നു പുറത്താക്കിയതു കൊണ്ടു അവർക്കു എന്നേക്കും ജീവിക്കുവാനും സാദ്ധ്യമല്ലാതായി. അങ്ങനെ മനുഷ്യരിൽ മരണം കടന്നു വന്നു. അവർ നന്മ തിന്മകളെകുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്നുള്ള ഫലം തിന്ന നാളിൽ തന്നെ അവർ ആത്മീയമായി മരിച്ചു. അപ്പോൾ രണ്ടു വിധത്തിലുള്ള മരണം പാപത്തിന്റെ ഫലമായി സംഭവിച്ചു.

ആദാമിന്റേയും ഹവ്വയുടേയും പാപം അവരുടെ മക്കളിലേക്കു അനന്തരാവകാശമായി വരുമെന്നു തിരുവെഴുത്തിൽ എങ്ങും സൂചിപ്പിച്ചിട്ടില്ല. മുൻപ് പറഞ്ഞതുപോലെ ആദാമിന്റേയും ഹവ്വയുടേയും പാപത്തിന്റെ ഫലമായി ലോകത്തിലുള്ള ജനങ്ങൾ പല ബാധകളും അനുഭവിക്കേണ്ടി വന്നു എന്നതു വാസ്തവമാണ്. ഇതിന്റെ കാരണം മനുഷ്യന്റെ കണ്ണു തുറക്കയും നന്മതിന്മകളെ തിരിച്ചറിയുകയും ജീവവൃക്ഷ ഫലം ലഭിക്കാതിരിക്കയും ചെയ്തതുകൊണ്ടാണ് അല്ലാതെ ഒരാളുടെ പാപം മറ്റൊരാളിലേക്കു പകരുന്നില്ല.

സങ്കീർത്തനങ്ങൾ 51 ന്റെ അഞ്ചാം വാക്യം ഉദ്ധരിച്ചു കൊണ്ടു ദാവീദ് പാപത്തോടു കൂടിയല്ലേ ജനിച്ചത് എന്നു ചോദിക്കാറുണ്ട്. എന്നാൽ വാസ്തവത്തിൽ ദാവീദ് പറഞ്ഞത്: ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു

എന്നാണ്. ഇതു തെറ്റിദ്ധരിക്കയാണ് ആളുകൾ. പാപത്തോടു കൂടി യല്ല ദാവീദ് ജനിച്ചത്, പിന്നെയോ അവന്റെ അമ്മ പാപത്തിൽ ഗർഭം ധരിച്ചു എന്നാണ്. ഇതിനെ ഒരിക്കലും തെറ്റായി മനസിലാക്കരുത്. ദാവീദിന്റെ അമ്മ പാപിയായിരുന്നു. ഇതു പറയുമ്പോൾ ദാവീദും പാപം ചെയ്തിരുന്നു. അല്ലാതെ അമ്മയുടെ പാപം അവനിലേക്കു വരുന്നില്ല. പാരമ്പര്യമായി കിട്ടുന്ന ഒന്നല്ല പാപം എന്നാണ് ദൈവിക സിദ്ധാന്തം. മറിച്ച് ചിന്തിക്കാനോ പ്രവർത്തിക്കോനോ ബൈബിളിൽ തെളിവുകൾ ഇല്ല.

യെഹെസ്ക്കേൽ പ്രവാചകൻ ഈ തത്വത്തെ മുൻകൂട്ടി അറിയി ച്ചിട്ടുണ്ട്. പാപം ചെയ്യുന്ന ദേഹി മരിക്കും; അപ്പൻ മകന്റെ അകൃത്യം വഹിക്കേണ്ട; മകൻ അപ്പന്റെ അകൃത്യവും വഹിക്കേണ്ട. അപ്പൻ പാപം ചെയ്താൽ അത് അപ്പന്; മകൻ പാപം ചെയ്താൽ അത് മകന് (യെഹെസ്ക്കേൽ 18:20).

ഒരു ഉദാഹരണവും അവിടെ നല്കുന്നുണ്ട്. അപ്പൻ പച്ചമുന്തി രിങ്ങ തിന്നാൽ ഒരിക്കലും മകന്റെ പല്ല് പുളിക്കുകയില്ലല്ലോ. തിരിച്ച് മകൻ തിന്നാൽ അപ്പന്റെ പല്ലും പുളിക്കുകയില്ല. പാപം ചെയ്യുന്ന പ്രവർത്തിയാണ്. ചെയ്യേണ്ടത് ചെയ്യാതിരുന്നാലും, ചെയ്യരുതാത്തതു ചെയ്താലും പാപമാകും. പാപം വ്യക്തിപരമാണ്. ഓരോരുത്തരും മനസിൽ കണക്കു കൂട്ടിയാണ് ഓരോന്ന് ചെയ്യുന്നത്. അതുകൊണ്ട് ദൈവവചനത്തിന് വിരുദ്ധമായ ഉപദേശങ്ങളെ നാം വിശ്വസിക്കു കയോ അനുസരിക്കുകയോ ചെയ്യരുത്. കാരണം പരമാധികാരം വചനത്തിനാണുള്ളത് എന്ന കാര്യം നാം മറക്കരുത്.

✶

# കർത്താവിന്റെ അത്താഴം

**ഗ്യാരി. സി. ഹാമ്ടൺ**

**കർത്താവിന്റെ അത്താഴത്തെ കുറിച്ച് വ്യത്യസ്ത കാഴ്ച്ചപ്പാടുകൾ നിലവിലുണ്ട്.**

ചിലർ ദ്രവ്യാന്തരീകരണത്തിൽ വിശ്വസിക്കുന്നുണ്ട്. കർത്താ

# വാർത്തകൾ

## കയ്യിൽ ആധാരം ഭദ്രം.

ലീല സ്വന്തം മണ്ണിന് ആവകാശം തേടി ഒൻപതു വർഷമായി സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്ന പട്ടികവിഭാഗക്കാരി യാണ്. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട വീട്ടമ്മ. മുത്തച്ഛന്റെ കാലം മുതൽ കൈവശമുള്ള ഇവരുടെ പട്ടയ ഭൂമി രേഖകളിൽ ഇപ്പോൾ സർക്കാരിന്റേതാണ്.

★

## കെഎസ്ആർടിസി ബസ് 'കടത്തി'

നെയ്യാറ്റിൻകര കെഎസ്ആർടിസി ഡിപ്പോയിൽ നിന്ന് പുലർച്ചെ മോഷണം പോയ ബസ് ഏഴു കിലോമീറ്റർ അകലെ മാരായമുട്ടത്തു റോഡരികിൽ കണ്ടെത്തി. അധികൃതരെ മുൾമുനയിൽ നിർത്തിയ സംഭവത്തിലെ പ്രതിക്കായി പൊലീസ് പരക്കം പായുകയാണ്. പ്രതിയെന്നു സംശയിക്കുന്നയാൾ ഒളിവിലാണ്.

★

## സിബ്രാ ലൈൻ മാറി കടന്ന

## കുടുംബത്തെ അപമാനിച്ചു.

ഇരുചക്ര വാഹനത്തിൽ ആശുപത്രിയിലേക്കു വരികയായിരുന്ന കുടുംബത്തെ സീബ്രാലൈൻ മറികടന്നു എന്ന പേരിൽ പോലീസ് അപമാനിച്ചതായി പരാതി. മാസ്കറ്റ് ഹോട്ടലിനു മുൻവശത്തു വച്ചാണ് ആനയറ സ്വദേശി ആർ. അശോകുമാറിനും കുടുംബത്തിനും വൈകിട്ട് അഞ്ചരയോടെ ദുരനുഭവമുണ്ടായത്.

★

## ഡ്രൈവർ മദ്യപിച്ചാൽ കാർ സ്റ്റാർട്ടാകില്ല.

ഡ്രൈവർ മദ്യപിച്ചിട്ടുണ്ടോ എന്നു തിരിച്ചറിയാൻ കഴിവുള്ള കാറുകൾ വരുന്നു. ഡ്രൈവറുടെ രക്തത്തിൽ ആൽക്കഹോളിന്റെ അളവ് നിശ്ചിത പരിധിയിൽ കൂടുതലാണെങ്കിൽ വാഹനത്തിന്റെ എൻജിൻ പ്രവർത്തിക്കില്ലെന്ന് ഉറപ്പുവരുത്തുന്ന സാങ്കേതികവിദ്യ മാസച്യുസ്റ്റ്സിലെ ക്വിന്റ്ക്യു നോർത്ത് അമേരിക്ക ഇൻകോർപറേഷനിലെ ഗവേഷകർ വികസിപ്പിച്ചെടുത്തു.

★

## വ്യതിയാന സാധ്യത

സൗദിയിൽ ഇക്കൊല്ലം കനത്ത മഴയും വേനലും ചൂടുകാറ്റും ഉൾപ്പെടെ രൂക്ഷമായ കാലാവസ്ഥാ വ്യതിയാനങ്ങൾക്കു സാധ്യതയെന്നു മുന്നറിയിപ്പ്.

★

## വീട്ടുതടങ്കലിൽ ഒന്നര വർഷം

പതിനാറുവർഷമായി താമിസിക്കുന്ന വീട്ടിൽനിന്നു ഒന്നു പുറത്തിറങ്ങാൻ പോലും പറ്റാത്ത സ്ഥിതിയിലാണ് മുൻ അധ്യാപകരായ ഗോപാലകൃഷ്ണൻ നായരും ജി. ലളിതകുമാരിയും. പുറത്തേക്കിറങ്ങാനുള്ള വഴിയിൽ മതിൽ തടസ്സമായിട്ട് ഒന്നര വർഷത്തിലേറെയായി. സ്വന്തമായുള്ള 18 സെന്റ് ഭൂമിയിലെ വീട്ടിൽനിന്ന് പുറത്തിറങ്ങണമെങ്കിൽ ലളിതകുമാരിക്കും ഭർത്താവിനും മതിൽ ചാടി കടക്കണം.

★

## ഭൂമിയില്ല: മൃതദേഹം മെഡി.കോളജിന്.

കാൻസർ ബാധിച്ചു മരിച്ച ആൾക്ക് സ്വന്തം ഭൂമിയില്ലാത്തതുമൂലം മൃതദേഹം അടക്കം ചെയ്യാനാവാതെ മെഡിക്കൽ വിദ്യാർത്ഥികൾക്കു പഠനത്തിനു നൽകി.

★

